**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4719** **10-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്ഷീര സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി ക്ഷീര മേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ക്ഷീരവികസന വകുപ്പിന് 52263 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇതിന്റെ 90% തുകയും ക്ഷീരമേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതുവഴി സംസ്ഥാനം പാലിൽ സ്വയം പര്യാപ്തതയിലെത്തി ചേർന്നു. ക്ഷീര രംഗത്തെ വളർച്ചയും, മികച്ച നേട്ടങ്ങളും കണക്കിലെടുത്ത് കേരളത്തിന് 2019 വർഷത്തെ ദേശീയ തലത്തിലുള്ള ഇന്ത്യാടുഡേ അവാർഡ് ലഭിക്കുകയുണ്ടായി. കൂടാതെ 2014-15 ൽ ക്ഷീര സഹകരണ സംഘങ്ങളിലൂടെയുള്ള പ്രതിദിന പാൽ സംഭരണം 15.26 ലക്ഷം ലിറ്ററിൽ നിന്നും 2020-21 ൽ 19.43 ലക്ഷം ലിറ്ററായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്നുവെങ്കിൽ നിലവിൽ പാലുല്പാദനം വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ പാൽപ്പൊടി ആക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിലേയ്ക്ക് അയക്കുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. |
| (ബി) | ക്ഷീര സംഘങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (ബി) | ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി വിവിധ പദ്ധതികൾ "ക്ഷീരസംഘങ്ങൾക്ക് ധനസഹായം" പദ്ധതിയിലൂടെ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധന സഹായം, പ്രവർത്തനരഹിതമായ ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീര |

| | | | |
|---|---|---|---|
| | | | സംഘങ്ങൾക്ക് മാനേജീരിയൽ ധന സഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ / വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ 2006 നടപ്പിലാക്കുവാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ള സംഭരണി നിർമ്മാണം, ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനും, ഗ്രാമീണ മേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത സംഘങ്ങളുടെ ഓഡിറ്റ് പ്രവൃത്തികൾ യഥാസമയങ്ങളിൽ പൂർത്തീകരിക്കാറുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (സി) | യഥാസമയം പൂർത്തീകരിക്കാറുണ്ട്. എന്നാൽ 3 വർഷം വരെ ആഡിറ്റ് കുടിശ്ശികയുള്ള സംഘങ്ങൾ ഭാഗികമായുണ്ട്. |
| (ഡി) | ക്ഷീര മേഖലയിൽ ആരംഭിച്ചിട്ടുള്ള മിൽക്ക് ഷെഡ് പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | (ഡി) | ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവ സംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീരഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ |

| | | | |
|---|---|---|---|
| | | | നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ഇ) | പുതുതായി ഈ മേഖലയിലേക്ക് കടന്നുവരുന്ന സംഘങ്ങൾക്കും സംരംഭകർക്കും സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവ സംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീരഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം / നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ